# അക്ഷരങ്ങൾ വാക്കുകൾ

MTLPS PULINTHITTA

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതു വിദ്യാലയങ്ങളെ ഗുണ നിലവാരത്തിൽ മുൻ പന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതിയതായി നടപ്പാക്കുന്ന വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടു പോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം എല്ലാ പൊതു വിദ്യാലയങ്ങളേയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാകുമെന്നത് ഉറപ്പു തന്നെയാണ്.

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി വിദ്യാഭ്യാസ ഉപജില്ലയിലെ ഇലന്തൂർ എന്ന മനോഹരമായ ഗ്രാമത്തിലാണ് എം. ടി. എൽ. പി. സ്കൂൾ പുളിന്തിട്ട സ്ഥിതി ചെയ്യുന്നത്. ഇത് ഒരു എയ്ഡഡ് വിദ്യാലയം ആണ്. ഏകദേശം 107 വർഷത്തിലധികം പഴക്കം ചെന്ന ഈ സരസ്വതി ക്ഷേത്രം ഇലന്തൂരിന്റെ അകത്തളങ്ങളിൽ ഒരു ഇതിഹാസമായി മാറി അനേകർക്ക് അക്ഷരങ്ങളുടെ വെളിച്ചം പകർന്നുനൽകി ശോഭയോടെ ഇന്നും അതിന്റെ പ്രയാണം നടത്തിക്കൊണ്ടിരിക്കുന്നു.

ശ്രീമതി. സിസി മറിയ കുര്യൻ പ്രഥമാധ്യാപികയായും ശ്രീമതി ആര്യ, ശ്രീമതി ഷീബ, ശ്രീമതി അഖില എന്നിവർ അധ്യാപകരായും ശ്രീമതി ഉഷ പ്യാരി നഴ്സറി അധ്യാപികയായും തങ്ങളുടെ സേവനം അനുഷ്ഠിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : എം.റ്റി.എൽ.പി. സ്കൂൾ പുളിന്തിട്ട |
| മേൽവിലാസം | : ഇലന്തൂർ, ഇലന്തൂർ (PO) പത്തനംതിട്ട 689643 |
| ഫോൺ | : 8590228514 |
| സ്കൂൾ കോഡ് | : 38426 |
| വിദ്യാഭ്യാസ ഉപജില്ല | : കോഴഞ്ചേരി |
| വിദ്യാഭ്യാസ ജില്ല | : പത്തനംതിട്ട |
| ബി.ആർ.സി | : കോഴഞ്ചേരി |
| ഗ്രാമപഞ്ചായത്ത് | : ഇലന്തൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : ഇലന്തൂർ |
| ഇ.മെയിൽ | : mtlpspulinthitta123@gmail.com |

(4)

# പൊതു ലക്ഷ്യങ്ങൾ.

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
* എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് എന്നീ ഭാഷകൾ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
* കുട്ടികളുടെ കഴിവ് അഭിരുചി എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനം നൽകുന്ന പ്രവർത്തനങ്ങൾ
* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* 'വിദ്യാലയം ഒരു പാഠപുസ്തകം" എന്ന ആശയം മുൻനിർത്തി അറിവു നിർമാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറുന്നു.
* ആശയ രൂപീകരണ ശേഷി വർധിപ്പിക്കാൻ സഹായകമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും അപകർഷതാ ബോധം ഒഴിവാക്കി 'ആക്ടീവ്' ആയ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും
* മാലിന്യമുക്ത വിദ്യാലയം ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
* പോക്സോ സംബന്ധമായ ബോധവത്കരണം
* ലഹരി മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതൽ

# അക്കാദമിക നേട്ടങ്ങൾ പരിമിതികൾ.

| നേട്ടങ്ങൾ | പരിമിതികൾ. |
| --- | --- |
| * അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപക സമൂഹം | * മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല |
| * കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം നടത്തുന്നു. | * വായനയ്ക്ക് പ്രോത്സാഹനം നൽകുന്നുവെങ്കിലും പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവ് ആണ് |
| * കലാപഠനം, പ്രവർത്തി പരിചയം എന്നിവയ്ക്ക് പരിശീലനം | * I.T അധിഷ്ഠിത പഠനം എന്ന നിലയ്ക്ക് ക്ലാസ്റൂം പ്രവർത്തനങ്ങൾ ഒരുക്കാൻ സാധിച്ചിട്ടില്ല |
| * പഠന പിന്തുണ പ്രവർത്തനങ്ങൾ വ്യക്തിഗതമായി നടപ്പിലാക്കുന്നു. | * കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട് |
| * സർഗാത്മക വേദികൾ ആശയ പ്രകടന വേദികൾ ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു. | * ലാബ്, ലൈബ്രറി സംവിധാനങ്ങൾ കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാനുള്ള അവസരമില്ല. |
| * പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | * കുട്ടികളുടെ എണ്ണത്തിനാവശ്യമായ തരത്തിലുള്ള കമ്പ്യൂട്ടറുകളുടെ അഭാവം. |

# പ്രവർത്തന പദ്ധതികൾ. മലയാളം

പ്രവർത്തനം - 1

പേര് : പുസ്തകം എന്റെ ചങ്ങാതി.

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | • പുസ്തകങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘു വിവരണവും പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം 2 പുസ്തകം | | |

പ്രവർത്തനം 2

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിപുല വായനശീലം വളർത്തുക. | എല്ലാ ക്ലാസിലും, ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | June to March | class Teacher | |

പ്രവർത്തനം 3

പേര് : അക്ഷരക്കൂട്ടം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായന ശീലം വളർത്തുക<br><br>റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികൾ / ഒരു പ്രത്യേക സ്ഥലത്തോ പുസ്തകങ്ങൾ ഒരുക്കുന്നു.<br>ക്ലാസ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി ഉപയോഗപ്പെടുത്തുന്നു. | June to March | H.M Class Teacher | |

പ്രവർത്തനം 4

പേര് : ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ രൂപത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | class Teachers | |

പ്രവർത്തനം - 5

പേര് : എന്റെ വായനാ കുറിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കുക. | June to March | | |

പ്രവർത്തനം 6

പേര് : സർഗ്ഗവേള

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ | June to March | HM Class Teacher | |

പ്രവർത്തനം : 7

പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിക്കുക

ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കാൻ | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ ജൂലൈ | HM Class Teacher | |

പ്രവർത്തനം : 8

പേര് : റീഡേഴ്സ് തിയേറ്റർ

ഉപമേഖല : വായന വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനതാത്പര്യവും അഭിനയം വഴി വ്യക്തിത്വവികാസനവുമാണ് പ്രധാനലക്ഷ്യം | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു കഥാനായകർ സംഭാഷണ ശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയവായനയുടെ അവതരണം നടത്തുന്നു | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 9.

പേര് : അരങ്ങത്തേക്ക്

ഉപമേഖല : അവതരണ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മ വിശ്വാസം വർധിപ്പിക്കുക. വേദികളിൽ ആശയങ്ങൾ പ്രകടിപ്പിക്കുക | പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്വാദ്യമാക്കി അവതരണമികവും പ്രകടനമികവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു | ജൂൺ to മാർച്ച് | HM Class Teachers. | |

# ഇംഗ്ലീഷ്

പ്രവർത്തനം : 1

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപശേഷി : ശ്രവണശേഷി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള അറിവ് നേടാനായി അവസരം | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും നടത്തുന്നു. | ആഴ്ചയിൽ ഒരു ദിവസം | class Teacher | |

പ്രവർത്തനം : 2

പേര് : ഇംഗ്ലീഷ് ഡയറി

ഉപശേഷി : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തേയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ എഴുതുന്നു. | ആഴ്ചയിൽ ഒരു ദിവസം | class Teacher. | |

പ്രവർത്തനം 3

പേര് : Reading card work shop.

ഉപമേഖല : വായന സാമഗ്രി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷിലുള്ള അറിവ് കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉൾപ്പെടുത്തി Reading card നിർമ്മിക്കുന്നു | അധ്യയന വർഷം | Class Teacher | |

പ്രവർത്തനം 4

പേര് : work sheet work shop.

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| മുഴുവൻ കുട്ടികളും ഇംഗ്ലീഷിൽ പ്രാവീണ്യം ഉള്ളവരാകുക | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വത്തിൽ | അധ്യയന വർഷം | | |

# ഗണിതം

പ്രവർത്തനം 1

പേര് : ഗണിത വർക്ക്ഷീറ്റ് ശില്പശാല

ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും ഇടക്കാലത്തിൽ | H.M. Class Teacher | |

പ്രവർത്തനം 2

പേര് : ഗണിത മൂല

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികളിലേക്കും എത്തിക്കുന്നതിനു വേണ്ടി. | എല്ലാ ക്ലാസിലും ഗണിത മൂലകൾ കേമീകരിക്കുക (മഞ്ചാടി, കളി നോട്ട്, കാർഡുകൾ തുടങ്ങിയവ | ജൂൺ മുതൽ | Class Teacher | |

പ്രവർത്തനം : 3

പേര് : യൂണിറ്റ് വിലയിരുത്തൽ.

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യ നിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പാക്കുന്നു. | June to march | Class Teacher | |

പ്രവർത്തനം : 4

പേര് : ഗണിതം മധുരം.

ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാവർക്കും ഉറപ്പാക്കുക | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക | June to march | HM Class Teacher | |

# പരിസരപഠനം.

പ്രവർത്തനം : 1

പേര് : എന്റെ പരീക്ഷണം.

ഉപമേഖല : ശാസ്ത്ര അവബോധം വളർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠന താത്പര്യം വളർത്തുക, ശാസ്ത്രാവബോധം ശാസ്ത്രീയ വീക്ഷണം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | എല്ലാ മാസത്തിലും | HM Class Teacher | |

പ്രവർത്തനം : 2

പേര് : പരീക്ഷണ കിറ്റ്

ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചക്കിണങ്ങും വിധം പ്രവർത്തനങ്ങൾ ഒരുക്കുന്നു. | 3,4 ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും പരീക്ഷണങ്ങൾക്കാവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന പരീക്ഷണ കിറ്റ് തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | | |

# സാമൂഹികാവബോധം.

പ്രവർത്തനം : 1

പേര് : അതിഥിയെ അറിയൽ.

ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചർച്ചകൾ, സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികവായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിനു അവസരം ഒരുക്കുക ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ്തലത്തിൽ സംഘടിപ്പിക്കുന്നു | ഓരോ മാസത്തിലും | class Teacher | |

പ്രവർത്തനം : 2

പേര് : ഫീൽഡ് ട്രിപ്പ്

ഉപമേഖല : പൊതു സ്ഥാപനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | Police station, Post office, . Village, hospital, മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഓരോ മാസത്തിലും | class Teacher | |

# സർഗ്ഗ വേദി.

പ്രവർത്തനം 1

പേര് : സർഗ്ഗവേദി.

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തുക കുട്ടികളുടെ നേതൃത്വത്തിൽ | എല്ലാ മാസത്തിലും | | |

പ്രവർത്തനം 2

പേര് : പ്രകടന വേദികൾ

ഉപമേഖല : Social Media പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം | നൃത്തം, ആലാപനം ക്രാഫ്റ്റ് വർക്കുകൾ പെയിന്റിംഗ് എന്നിവ പ്രകടിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. | June to March | HM class Teacher | |

# വിവര സാങ്കേതിക വിദ്യ.

പ്രവർത്തനം : 1

പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം

ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ICT പ്രവർത്തനങ്ങൾ നടത്തുക. | ഓരോ മാസത്തിലും | H.M. Class Teache. | |

# പ്രവൃത്തി പരിചയം.

പ്രവർത്തനം 1

പേര് : പ്രവൃത്തി പരിചയ ശില്പശാല

ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുക. | ആവശ്യാനുസരണം | Class Teacher | |

പ്രവർത്തനം : 2

പേര് : പേപ്പർ ബാഗ് നിർമ്മാണം.

ഉപമേഖല : പ്ലാസ്റ്റിക് രഹിത വിദ്യാലയം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമ്മാണ പരിശീലനം ആരംഭിക്കുക. | June to March | H.M Class Teacher. | |

പ്രവർത്തനം : 3.

പേര് : ഒറിഗാമി

ഉപമേഖല : കര കൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇതര വിഷയവുമായി പ്രവൃത്തി പരിചയ അനുഭവത്തെ ബന്ധിപ്പിക്കുക | പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക | എല്ലാ ആഴ്ചയിലും | Class Teacher. | |

# ആരോഗ്യ കായിക വിദ്യാഭ്യാസം.

പ്രവർത്തനം 1

പേര് : ആരോഗ്യ കായിക വിദ്യാഭ്യാസം.

ഉപമേഖല : zoomba dancing.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആരോഗ്യമുള്ള പുതുതലമുറയെ വാർത്തെടുക്കുക | Zoomba dance കുട്ടികളെ പരിശീലിപ്പിക്കുക. ദൈനംദിന പ്രവർത്തനങ്ങളിൽ എക്സർസൈസ് ഉൾപ്പെടുത്തുക | June to March | Class Teacher | |

പ്രവർത്തനം 2

പേര് : ഹെൽത്ത് ചെക്ക് അപ്പ്

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും കായിക-ആരോഗ്യ ക്ഷമത ഉറപ്പാക്കുക | ആരോഗ്യ ക്ഷമത ഉറപ്പുവരുത്താൻ ഹെൽത്ത് ചെക്ക് അപ്പുകൾ നടത്തുന്നു | എല്ലാ മാസവും | H M | |